**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3875** **03-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമ പ്രകാരം കേസ്സെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് മരണപ്പെട്ട വിശ്വനാഥന്റെ മരണം സംബന്ധിച്ച പോലീസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വിശ്വനാഥൻ എന്നയാളുടെ തിരോധാനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 10.02.2023-ാം തീയതി കോഴിക്കോട് സിറ്റി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 156/23 Us 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അന്വേഷണത്തിൽ 11.02.2023-ാം തീയതി ടിയാൻ തൂങ്ങി മരിച്ചതായി കണ്ടെത്തിയതിനാൽ കേസ് 174 CrPC ആയി സെക്ഷൻ മാറ്റി അന്വേഷണം നടത്തി വരവെ കേസിലെ സാക്ഷികളുടെ മൊഴിയും CCTV ദൃശ്യങ്ങളും പരിശോധിച്ചതിൽ കുറച്ച് ആളുകൾ മോഷണം ആരോപിച്ച് മരണപ്പെട്ട വിശ്വനാഥനെ തടഞ്ഞു നിർത്തി ചോദ്യം ചെയ്ത് ടിയാന്റെ കൈവശമുണ്ടായിരുന്ന സഞ്ചി പരിശോധിക്കുകയും ചെയ്തതായി വെളിവായി. ഇതിന്റെ അടിസ്ഥാനത്തിൽ കേസിൽ ആത്മഹത്യാ പ്രേരണ ഉൾപ്പടെയുള്ള കുറ്റങ്ങളായ സെക്ഷൻ 341, 306 r/w 34 IPC & Sec. 3(1)(r), 3(2)(V) and 3(2) (Va) of the SC/ST (Prevention of Atrocities) Act 1989 (Amendment of 2015), ആയി മാറ്റി കോഴിക്കോട് സിറ്റി മെഡിക്കൽ കോളേജ് സബ് ഡിവിഷൻ, പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ അന്വേഷണം നടത്തി വരുന്നു.<br><br>ഈ കേസിന്റെ മേൽനോട്ടത്തിനായി സംസ്ഥാന പോലീസ് മേധാവി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ തലത്തിൽ ആരൊക്കെയാണ് മരണപ്പെട്ട വ്യക്തിയുടെ വീട്ടിലെത്തി കുടുംബത്തിന് ആശ്വാസം നൽകിയതെന്ന് അറിയിക്കാമോ; | (ബി) | ഉന്നത ഉദ്യോഗസ്ഥരായ വയനാട് ജില്ലാ കളക്ടർ ,എ.ഡി.എം., ഡെപ്യൂട്ടി കളക്ടർ, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി , ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സുൽത്താൻബത്തേരി, തഹസിൽദാർ, വൈത്തിരി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, |

| | | | |
|---|---|---|---|
| | | | കൽപ്പറ്റ തുടങ്ങിയവർ വിശ്വനാഥന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ചു. |
| (സി) | പ്രസ്തുത വിഷയത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമ പ്രകാരം കേസ്സെടുക്കുവാൻ മടിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | കേസിൽ കാല താമസം കൂടാതെയും തെളിവുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ പീഡന നിരോധന നിയമ പ്രകാരമുള്ള വകുപ്പുകൾ കൂട്ടിചേർത്തും ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ